# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10.09.2025**

## പ്രധാന വാർത്തകൾ

**TIME : 07.25 AM**

1. സി പി രാധാകൃഷ്ണൻ ഇന്ത്യയുടെ പുതിയ ഉപരാഷ്ട്രപതിയാകും. അഭിനന്ദനമറിയിച്ച് രാഷ്ട്രപതി, പ്രധാനമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.

   **Maharashtra Governor C. P. Radhakrishnan to become India's new Vice President. President, Prime Minister, and other prominent leaders extend congratulations.**

2. പ്രളയബാധിത പഞ്ചാബിന് 1,600 കോടി രൂപയും ഹിമാചൽ പ്രാദേശിന് 1,500 കോടി രൂപയും സാമ്പത്തിക സഹായം പ്രഖ്യാപിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi announces financial aid of ₹1,600 crore for flood-hit Punjab and ₹1,500 crore for Himachal Pradesh.**

3. നേപ്പാളിൽ സമാധാനം പുനഃസ്ഥാപിക്കാൻ എല്ലാവരുടെയും സഹകരണം ആവശ്യപ്പെട്ട് നേപ്പാൾ പ്രസിഡന്റ്. പ്രധാനമന്ത്രി കെ.പി ശർമ്മ ഒലിയുടെ രാജി അംഗീകരിച്ചു.

   **Nepal President calls for unity to restore peace; PM K. P. Sharma Oli's resignation accepted.**

4. കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

   **Isolated Heavy rain likely in various districts of Kerala; Yellow alert in four districts today.**

5. ഏഷ്യാ കപ്പ് ക്രിക്കറ്റ് ഉദ്ഘാടന മത്സരത്തിൽ ഹോങ്കോങ്ങിനെതിരെ അഫ്ഗാനിസ്ഥാന് 94 റൺസിന്റെ ജയം.

**Asia Cup Cricket: Afghanistan defeats Hong Kong by 94 runs in the opening match.**

&&&&&&&&&&&&&&&&&&&&

## VICE PREZ - ELECTION

മഹാരാഷ്ട്ര ഗവർണർ സി പി രാധാകൃഷ്ണൻ ഇന്ത്യയുടെ പുതിയ ഉപരാഷ്ട്രപതിയാകും. I N D I A ബ്ലോക്ക് സ്ഥാനാർത്ഥിയും മുൻ സുപ്രീം കോടതി ജഡ്ജിയുമായ ബി സുദർശൻ റെഡ്ഡിയെ 152 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് അദ്ദേഹം പരാജയപ്പെടുത്തിയത്. വോട്ടെണ്ണലിനുശേഷം രാജ്യസഭ സെക്രട്ടറി ജനറലും റിട്ടേണിംഗ് ഓഫീസറുമായ പി സി മോഡിയാണ് പ്രഖ്യാപനം നടത്തിയത്. NDA സ്ഥാനാർഥി സി പി രാധാകൃഷ്ണൻ 452 വോട്ടുകൾ നേടിയപ്പോൾ ശ്രീ സുദർശൻ റെഡ്ഡിക്ക് 300 വോട്ടുകളാണ് ലഭിച്ചത്. തമിഴ്നാട്ടിലെ തിരുപ്പൂരിൽ ജനിച്ച ശ്രീ രാധാകൃഷ്ണൻ വിദ്യാർത്ഥി നേതാവായാണ് രാഷ്ട്രീയത്തിലെത്തിയത്. ആർഎസ്എസ്, ജനസംഘം തുടങ്ങിയ സംഘടനകളിൽ അദ്ദേഹം സജീവമായി ഇടപെട്ടിരുന്നു. കോയമ്പത്തൂരിൽ നിന്ന് രണ്ടുതവണ ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഝാർഖണ്ഡ്, തെലങ്കാന, പുതുച്ചേരി, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ ഗവർണറായും ശ്രീ. രാധാകൃഷ്ണൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 17-ാമത് ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പാണ് ഇന്നലെ നടന്നത്. ഇന്ത്യയുടെ 15-ാമത് ഉപരാഷ്ട്രപതിയാണ് ശ്രീ സി പി രാധാകൃഷ്ണൻ.

*************************

## RADHAKRISHNAN (INTRO)

രാജ്യവികസനത്തിനായി പരിശ്രമിക്കുമെന്ന് നിയുക്ത ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ഇത് ഓരോ ഇന്ത്യക്കാരന്റെയും വിജയമാണെന്നും 2047 ഓടെ ഇന്ത്യയെ ഒരു

വികസിത രാഷ്ട്രമാക്കണമെങ്കിൽ എല്ലാവരും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ടെന്നും ശ്രീ രാധാകൃഷ്ണൻ പറഞ്ഞു. ജനാധിപത്യത്തിൽ, ഭരണകക്ഷിയും പ്രതിപക്ഷ പാർട്ടികളും പ്രധാനമാണെന്നും ജനാധിപത്യ താൽപ്പര്യത്തിന് മുൻതൂക്കം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്......)

ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിലെ വിജയത്തിന് ശ്രീ സി പി രാധാകൃഷ്ണനെ രാഷ്ട്രപതി ദ്രൗപദി മുർമ്മു, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഉൾപ്പെടെയുള്ളവർ അഭിനന്ദിച്ചു. രാജ്യവികസനത്തിനും ഭരണഘടനാ മൂല്യങ്ങൾ ശക്തിപ്പെടുത്താനും ശ്രീ രാധാകൃഷ്ണന്റെ അനുഭവജ്ഞാനം സഹായകമാകുമെന്ന് അവർ അഭിപ്രായപ്പെട്ടു. ശ്രീ സി പി രാധാകൃഷ്ണനുമായി പ്രധാനമന്ത്രി ഇന്നലെ കൂടിക്കാഴ്ച നടത്തി. ബിജെപി ദേശീയ അധ്യക്ഷൻ ജെ പി നഡ്ഡ, കേന്ദ്രമന്ത്രി രാം മോഹൻ നായിഡു, ജെഡിയു നേതാവ് സഞ്ജയ് ഝാ ഉൾപ്പെടെയുള്ളവർ പ്രധാനമന്ത്രിയ്ക്കൊപ്പം ഉണ്ടായിരുന്നു.

**************************

## NEPAL PROTEST

നേപ്പാളിൽ സമാധാനം പുനഃസ്ഥാപിക്കാൻ എല്ലാവരും സഹകരിക്കണമെന്ന് നേപ്പാൾ പ്രസിഡന്റ് രാമചന്ദ്ര പൗഡൽ. പ്രധാനമന്ത്രി കെ.പി ശർമ്മ ഒലിയുടെ രാജി അംഗീകരിച്ചതായും അദ്ദേഹം അറിയിച്ചു. നേപ്പാളിലെ ദേശീയ മനുഷ്യാവകാശ കമ്മീഷനും സൈന്യവും പൗരന്മാരോട്, പ്രത്യേകിച്ച് യുവാക്കളോട്, ശാന്തതയും സംയമനവും പാലിക്കാൻ അഭ്യർത്ഥിച്ചു. പ്രകടനത്തിനിടെയുണ്ടായ മനുഷ്യാവകാശ ലംഘനത്തെക്കുറിച്ച് അന്വേഷിക്കാൻ അന്വേഷണ സംഘം രൂപീകരിച്ചതായും അദ്ദേഹം അറിയിച്ചു. അഴിമതിക്കും സമൂഹ മാധ്യമ നിരോധനത്തിനുമെതിരായ യുവജന പ്രക്ഷോഭത്തിനിടെ 19 യുവാക്കൾ കൊല്ലപ്പെട്ടതിനെത്തുടർന്ന് പ്രകടനം അക്രമാസക്തമാകുകയായിരുന്നു.

**************************

## PM MODI - NEPAL

യുവജനപ്രക്ഷോഭം തുടരുന്ന നേപ്പാളിലെ സ്ഥിതിഗതികൾ ചർച്ച ചെയ്യുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അദ്ധ്യക്ഷതയിൽ സുരക്ഷാകാര്യ മന്ത്രിസഭാ സമിതി യോഗം ചേർന്നു. നേപ്പാളിലെ സംഭവവികാസങ്ങൾ ഹൃദയഭേദകമാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. പ്രതിഷേധത്തിനിടെയുണ്ടായ മരണങ്ങളിൽ ദുഃഖം രേഖപ്പെടുത്തിയ അദ്ദേഹം, സമാധാനത്തെ പിന്തുണയ്ക്കാൻ നേപ്പാളിലെ പൗരന്മാരോട് അഭ്യർത്ഥിച്ചു.

**************************

## NEPAL - ADVISORY

സ്ഥിതിഗതികൾ ശാന്തമാകുന്നതുവരെ ഇന്ത്യൻ പൗരന്മാർ നേപ്പാളിലേക്കുള്ള യാത്ര ഒഴിവാക്കണമെന്ന് വിദേശകാര്യമന്ത്രാലയം മുന്നറിയിപ്പ് നൽകി. നേപ്പാളിലുള്ള ഇന്ത്യൻ പൗരന്മാർ താമസസ്ഥലത്ത് തന്നെ തുടരണം. തെരുവുകളിൽ ഇറങ്ങരുത്. നേപ്പാൾ ഭരണകൂടവും, ഇന്ത്യൻ എംബസിയും നൽകുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു.

**************************

## GEORGE KURIAN

കാഠ്മണ്ഡുവിൽ അകപ്പെട്ട 40-ഓളം മലയാളികളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് വിദേശകാര്യ മന്ത്രാലയത്തോട് ആവശ്യപ്പെട്ടതായി കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. നേപ്പാൾ അതിർത്തി അടച്ചതിനെ തുടർന്ന് ചൈനയിൽ കുടുങ്ങിയ 3,000-ൽ പരം കൈലാസ് മാനസ സരോവർ തീർത്ഥാടകരെ സുരക്ഷിതരായി തിരികെയെത്തിക്കാനും നടപടി സ്വീകരിക്കുമെന്നും ശ്രീ ജോർജ് കുര്യൻ വ്യക്തമാക്കി.

**************************

## PM - PUNJAB HIMACHAL

പ്രളയബാധിത പഞ്ചാബിന് 1,600 കോടി രൂപയും ഹിമാചൽ പ്രാദേശിന് 1,500 കോടി രൂപയും സാമ്പത്തിക സഹായം പ്രഖ്യാപിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. പഞ്ചാബ്, ഹിമാചൽ

പ്രദേശ് സംസ്ഥാനങ്ങളിലെ സ്ഥിതിഗതികൾ പ്രധാനമന്ത്രി ഇന്നലെ വിലയിരുത്തി. ദുരന്തത്തിൽ മരിച്ചവരുടെ കുടുംബത്തിന് 2 ലക്ഷം രൂപയും ഗുരുതരമായി പരിക്കേറ്റവർക്ക് 50,000 രൂപയും നൽകാനും തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന ദുരിതാശ്വാസ നിധിയുടെയും പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിയുടെയും രണ്ടാം ഗഡു മുൻകൂറായി നൽകാനും തീരുമാനിച്ചു. മാതാപിതാക്കളെ നഷ്ടപ്പെട്ട കുട്ടികൾക്ക് പിഎം കെയേഴ്സ് ഫോർ ചിൽഡ്രൻ പദ്ധതി പ്രകാരം സമഗ്ര സഹായം നൽകുമെന്നും പ്രധാനമന്ത്രി അറിയിച്ചു.

**************************

## GST FIT (INTRO)

പുത്തൻതലമുറ ജിഎസ്ടി പരിഷ്കാരങ്ങളിലൂടെ രാജ്യത്തെ പൗരന്മാരുടെ ജീവിതക്രമം സുഗമമായതായി കേന്ദ്ര സർക്കാർ. ജിം, സലൂൺ, യോഗ എന്നിവയുടെ ജിഎസ്ടി നിരക്ക് 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചത് സാധാരണക്കാർക്ക് ഗുണകരമാകും. ഈ രംഗത്തെ ജിഎസ്ടി പരിഷ്കരണങ്ങൾ രാജ്യത്തെ യുവാക്കളെ ആരോഗ്യകരമായ ജീവിതശൈലി പിന്തുടരാൻ പ്രോത്സാഹിപ്പിക്കുമെന്ന് ജിഎസ്ടി നിരക്കുകൾ കുറച്ചതിനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയിസ്.........)

**************************

## GST REFORM-HANDICRAFT

പുതിയ ജിഎസ്ടി പരിഷ്കരണത്തിലൂടെ കരകൗശല വസ്തുക്കളുടെ ജിഎസ്ടി 12ൽ നിന്ന് 5 ശതമാനമാക്കിയത് കരകൗശല വിദഗ്ധർക്കും പരമ്പരാഗത കരകൗശല മേഖലയ്ക്കും ഉണർവേകുമെന്ന് കേന്ദ്രസർക്കാർ. കരകൗശല വിദഗ്ധരെ ശാക്തീകരിക്കുന്നതിനും, സാംസ്കാരിക സമ്പദ്വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനും, കരകൗശല വസ്തുക്കൾ എല്ലാവർക്കും കൂടുതൽ പ്രാപ്യമാക്കുന്നതിനും ഇത് വഴിക്കയ്യുമെന്നും കേന്ദ്രം വ്യക്തമാക്കി. നികുതി ഭാരം ലഘൂകരിക്കുന്നതിലൂടെ, പരമ്പരാഗത ഉൽപ്പന്നങ്ങൾക്കുള്ള ആവശ്യം വർദ്ധിപ്പിക്കാനും

കയറ്റുമതി പ്രോത്സാഹിപ്പിക്കാനും സാധിക്കുമെന്നാണ് വിലയിരുത്തൽ.

**************************

# ASIA CUP CRICKET

ഏഷ്യാ കപ്പ് ട്വന്റി ട്വന്റി ക്രിക്കറ്റിലെ ഉദ്ഘാടന മത്സരത്തിൽ ഹോങ്കോങ്ങിനെതിരെ അഫ്ഗാനിസ്ഥാന് 94 റൺസിന്റെ ഉജ്ജ്വല ജയം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത അഫ്ഗാനിസ്ഥാൻ നിശ്ചിത ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 188 റൺസ് നേടി. മറുപടി ബാറ്റിംഗിനിറങ്ങിയ ഹോങ്കോംഗിന് 20 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 94 റൺസെടുക്കാനേ കഴിഞ്ഞുള്ളു. ഇന്ന് നടക്കുന്ന മത്സരത്തിൽ ഇന്ത്യ-യുഎഇയെ നേരിടും. സെപ്റ്റംബർ 28 വരെ നടക്കുന്ന ടൂർണമെന്റിൽ എട്ടു ടീമുകളാണ് പങ്കെടുക്കുന്നത്.

**************************

# RAIN - KERALA

കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

**************************

# HP-WEATHER

പ്രളയക്കെടുതികൾ രൂക്ഷമായ ഹിമാചൽ പ്രദേശിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കഴിഞ്ഞ ദിവസം കുളുവിൽ ഉണ്ടായ മേഘ വിസ്ഫോടനത്തിൽ അഞ്ച് പേർ മരിച്ചു. മഴക്കെടുതികളിൽ ഇതുവരെ 370 പേർക്കാണ് ജീവൻ നഷ്ടപ്പെട്ടത്. 41 പേരെ ഇനിയും കണ്ടെത്താനുണ്ട്.

**************************

# ONAM - FLOAT

സംസ്ഥാന സർക്കാരിന്റെ ഓണം വാരാഘോഷത്തിന് ഇന്നലെ തിരുവനന്തപുരത്ത് സമാപനമായി. വർണശബളമായ സമാപന ഘോഷയാത്രയിൽ സർക്കാർ വകുപ്പുകളുടെ ഫ്ലോട്ടിൽ ഒന്നാം സമ്മാനം ക്ഷീര വികസന വകുപ്പും രണ്ടാം സമ്മാനം

ഫിഷറീസ് വകുപ്പും നേടി. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, ഭാര്യ അനഘ അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, ഭാര്യ കമല വിജയൻ, മന്ത്രിമാർ തുടങ്ങിയവർക്കൊപ്പം ദക്ഷിണാഫ്രിക്കയിലെ മന്ത്രിയായ മാർട്ടിൻ മയ്യറും ഘോഷയാത്ര വീക്ഷിക്കാനെത്തിയിരുന്നു. വൈകിട്ട് 4 മണിക്ക് ആരംഭിച്ച ഘോഷയാത്ര ഗവർണർ ഫ്ലാഗ് ഓഫ് ചെയ്തു.
**************************

## UTHRATTATHI BOAT RACE

ഇന്നലെ നടന്ന ഉതൃട്ടാതി ജലമേളയിൽ മേലുകര, കോറ്റാത്തൂർ പള്ളിയോടങ്ങൾ മന്നം ട്രോഫി സ്വന്തമാക്കി. ആർ ശങ്കർ സുവർണ ട്രോഫി നെല്ലിക്കൽ പള്ളിയോടത്തിന് ലഭിച്ചു. ലൂസേഴ്സ് ഫൈനലിൽ എ ബാച്ചിൽ കുറിയന്നൂരും ബി ബാച്ചിൽ വൻ മഴിയും വിജയികളായി.
**************************

## MALAMPUZHA PARK

കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ 2.0 സ്കീമിൽ ഉൾപ്പെടുത്തി നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതിനാൽ നാളെ മുതൽ മലമ്പുഴ ഉദ്യാനം അടച്ചിടും. ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ ഉദ്യാനത്തിലേക്ക് സന്ദർശകർക്ക് പ്രവേശനം ഉണ്ടാകില്ലെന്ന് മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.
**************************

## ISREAL - DOHA AIRSTRIKE

ഖത്തർ തലസ്ഥാനമായ ദോഹയിൽ ഹമാസിന്റെ ഉന്നത നേതാക്കളെ ലക്ഷ്യമിട്ട് ആക്രമണം നടത്തിയതായി ഇസ്രായേൽ സൈന്യം. ഇസ്രായേൽ പ്രതിരോധ സേനയായ ഐ.ഡി.എഫ് - ഉം, ഇസ്രായേലിന്റെ ആഭ്യന്തര സുരക്ഷാ ഏജൻസിയായ ഷിൻ ബെറ്റും ഓപ്പറേഷന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു. സംഭവത്തെ ഖത്തർ വിദേശകാര്യ മന്ത്രാലയം ശക്തമായി അപലപിച്ചു. അന്താരാഷ്ട്ര നിയമങ്ങളുടെയും മാനദണ്ഡങ്ങളുടെയും ലംഘനമാണ് ഇസ്രായേൽ നടത്തിയതെന്ന് ഖത്തർ കുറ്റപ്പെടുത്തി. ഇസ്രായേലി

ആക്രമണത്തിൽ അഞ്ച് അംഗങ്ങൾ കൊല്ലപ്പെട്ടതായി ഹമാസ് പ്രസ്താവനയിൽ വെളിപ്പെടുത്തി. അതേസമയം ഗാസയിൽ സമാധാനം സ്ഥാപിക്കാനുള്ള പ്രസിഡൻറ് ഡൊണാൾഡ് ട്രംപിന്റെ ശ്രമങ്ങൾക്ക് തിരിച്ചടിയാണ് മധ്യസ്ഥ ചർച്ചകൾ നടക്കുന്ന ദോഹയിലെ ഇസ്രായേൽ ആക്രമണം എന്ന് വൈറ്റ് ഹൗസ് വ്യക്തമാക്കി.

*

***********

****************************************